# എനർജി മാനേജ്മെന്റ് സെന്റർ - കേരള

## പ്രവർത്തന നേട്ടങ്ങൾ

- 2016 ലെ ദേശീയ ഊർജ്ജസംരക്ഷണ അവാർഡിൽ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു.
- ഇ. എം. സി. യുടെ ഓഫീസ് കെട്ടിടം സർക്കാർ മേഖലയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ആയ ഹരിത കെട്ടിടമാണ്. ഇവിടെ സ്ഥാപിച്ചിട്ടുള്ള 61 കിലോ വാട്ടിന്റെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കെട്ടിടത്തിന്റെ ആവശ്യം കഴിഞ്ഞ് ബാക്കി കെ. എസ്. ഇ.ബി ഗ്രിഡിലോട്ട് നൽകുന്നുണ്ട്.

- ദേശീയ ഊർജ്ജസംരക്ഷണ ദിനമായ ഡിസംബർ 14 ന് 6 വിഭാഗങ്ങളിലായി 2016 ലെ ഊർജ്ജസംരക്ഷണ അവാർഡ് നൽകി. അവാർഡ് പരിപാടിയിലൂടെ 77 മില്യൺ യൂണിറ്റ് വൈദ്യുതിയും 9610 ടൺ എണ്ണയും 2015-16 കാലയളവിൽ ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

- സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള സബ്സിഡി സ്കീമിന്റെ ഭാഗമായി 7 സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകി. സർക്കാർ കെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന്റെ ഭാഗമായി 5 സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി. 71 ചെറുകിട ഊർജ്ജ ഉപഭോക്താക്കൾക്ക് പ്രാഥമിക ഊർജ്ജ ഓഡിറ്റിനുള്ള ധനസഹായം നൽകി.

- വ്യവസായങ്ങളിലെ ബോയിലറുകൾ ഊർജ്ജകാര്യക്ഷമമാക്കുന്നതിനായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുമായി ചേർന്ന് വ്യവസായങ്ങൾക്കായി പരിശീലന പരിപാടി നടത്തി. പി. സി. ആർ. എ യുമായി ചേർന്ന് 120 ബോയലറുകളിലും 60 ഡീസൽ ജനറേറ്റർ സെറ്റുകളിലും വിശദമായ കാര്യക്ഷമതാ പഠനം നടത്തി.

- ഊർജ്ജ സംക്ഷണ നിയമത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡിനെക്കുറിച്ച് കേരള പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് 2016 ഒക്ടോബർ 21,22 തീയ്യതികളിൽ ശില്പശാല നടത്തുകയും, പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പൊതുമാരാമത്ത് വകുപ്പിന്റെ കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

- തെരുവുവിളക്കുകൾ ഊർജ്ജകാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ശ്രീകാര്യം - കുളത്തൂർ റോഡിൽ 226 എൽ. ഇ. ഡി തെരുവു വിളക്കുകൾ സ്ഥാപിച്ചു.

- സ്മാർട്ട് എനർജി പ്രോഗ്രാം - ഊർജ്ജസംരക്ഷണ വിദ്യാഭ്യാസ പരിപാടി - വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ എനർജി കോൺഗ്രസ്സ് 2017 ഫെബ്രുവരി 4 ന് ഇ. എം.സി യിൽ വെച്ച് നടത്തി . 4280 സ്കൂളുകൾ ഈ പരിപാടിയിൽ എൻറോൾ ചെയ്തിട്ടുണ്ട്.

- VHSC, ITI, Polytechnic, Engineering college എന്നിവയിലേക്കു കൂടി SEP വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കേളേജ് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇ. എം. സി യിൽ വെച്ച് പരിശീലനം നടത്തി. 100 ഐ.ടി.ഐ കളും 45 പോളിടെക്നിക്കുകളും 44 എഞ്ചിനീയറിംഗ് കോളേജുകളും എൻറോൾ ചെയ്തിട്ടുണ്ട്.

- ഊർജ്ജസംരക്ഷണ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി നൽകി വരുന്നു. ഈ വർഷം അത്തരത്തിൽ 3 റിസർച്ച് ഗ്രാന്റ് നൽകിയിട്ടുണ്ട്.

- മാതൃകാ ഊർജ്ജകാര്യക്ഷമ നിയോജനക മണ്ഡലങ്ങളും പഞ്ചായത്തുകളും - നിയോജക മണ്ഡലങ്ങളെയും ഗ്രാമപഞ്ചായത്തുകളെയും ഊർജ്ജകാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിലും പെരുമ്പളം, ചിറ്റാറ്റുകര, പീലിക്കോട് എന്നീ ഗ്രാമ പഞ്ചായത്തുകളിലും പ്രവർത്തനങ്ങൾ നടന്നു വരുന്നു. തലശ്ശേരി നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് ഭാരവാഹികൾക്ക് 5 ബാച്ചുകളിലായി ദ്വിദിന പരിശീലന പരിപാടികൾ ഇ. എം. സി യിൽ വെച്ച് നടത്തി. ഇവിടങ്ങളിൽ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ചിറ്റാറ്റുകര, പെരുമ്പളം പഞ്ചായത്തുകളിൽ കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പരിപാടികൾ നടന്നു വരുന്നു. പീലിക്കോട് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്തവർക്ക് ഇ. എം. സി യിൽ പരിശിലനം നൽകുകയും പഞ്ചായത്ത് ഊർജ്ജ കാര്യക്ഷമമാക്കുന്നതിനുള്ള സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ ഫലങ്ങൾ വിശകലനം ചെയ്ത ശേഷം ആവശ്യമായ ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതാണ്.

- ഊർജ്ജ കിരൺ - പൊതുജന ബോധവൽക്കരണ പരിപാടി - പൊതുജനങ്ങളിൽ

ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സർക്കാരേതിര സംഘടനകൾ മുഖാന്തരം നടത്തുന്ന ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജകിരൺ. എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയ്ക്ക് 307 പരിപാടി ലക്ഷ്യമിട്ടിട്ടുണ്ട്. ഊർജ്ജകിരൺ പദ്ധതിയുടെ കീഴിൽ പരിശീലനപരിപാടികൾ നടത്തുന്നതിലേയ്ക്കായി കേരളത്തിലുടനീളം 640 റിസോഴ്സ് പേഴ്സണുകളെ പരിശീലനം നൽകി ഇ.എം.സി തയ്യാറാക്കിയിരിക്കുന്നു.

- ഊർജ്ജ ക്ലിനിക്ക് - വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന ഊർജ്ജക്ലിനിക്കിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ അനിമേറ്റർമാർ (സ്ത്രീകൾ) വീടുകൾ സന്ദർശിക്കുകയും വൈദ്യുതി ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതി മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. . ഈ പദ്ധതിയിൻ കീഴിൽ 1000 ത്തിൽ പരം എനർജി ക്ലിനിക്ക് വോളണ്ടിയർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു.

- പൊതുജനവായനശാലകളുമായി സഹകരിച്ചുള്ള ബോധവല്കരണ പരിപാടികൾ - കേരളത്തിലെ മുഴുവൻ പൊതുജനവായനശാലകളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ ലൈബ്രറി കൗൺസിലുകളുടെ നേതൃത്വത്തിൽ വാനയശാലകളുടെ ആഭിമുഖ്യത്തിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു. കണ്ണൂർ ജില്ലയിൽ 1000 ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുകയും ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ല സമ്പൂർണ്ണ ഊർജ്ജസംരക്ഷണ അവബോധ ജില്ലയായി പ്രഖ്യാപിച്ചു കഴിഞ്ഞു. ഓരോ ജില്ലാ ലൈബ്രറി കൗൺസിലുകളുടെ കീഴിലും 500 ലധികം ബോധവൽക്കരണ ക്ളാസ്സുകളാണ് നടത്തുന്നത്.

- **ചെറുകിടജലവൈദ്യുത പദ്ധതി വികസനം**

- 2014 - ൽ അനുവദിച്ച 22 ചെറുകിട ജലവൈദ്യുതപദ്ധതികളിൽ 8 മെഗാവാട്ടിന്റെ പാതംകയം പദ്ധതി 17/1/17 ൽ ബഹു : മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ ഉദ്ഘാടനം ചെയ്തു.

- 2016 ൽ 55 പദ്ധതികൾക്കായി ദർഘാസ് - Request For Qalification (RFQ) ക്ഷണിച്ചതിൽ 47.4 മെഗാവാട്ടിന്റെ 20 പദ്ധതികൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി സർക്കാരിലേക്ക് നൽകിയിട്ടുണ്ട്.

- ചിന്നാർ വന്യമൃഗസംരക്ഷണകേന്ദ്രത്തിനകത്തുള്ള തായണ്ണൻകുടിയിലെ മുതുവാൻ കോളനിയിലുള്ള അമ്പതോളം വീടുകൾക്കും അങ്കൻവാടി,പള്ളിക്കൂടം കമ്യൂണിറ്റി സെന്റർ, തെരുവുവിളക്കുകൾ എന്നിവയ്ക്കാവശ്യമായ 3 കിലോ വാട്ട് വൈദ്യുതി ഉല്പാദത്തിനുള്ള ഒരു മൈക്രോ ജലവൈദ്യുത പദ്ധതി ഇ.എം.സി യും വനം വകുപ്പും സംയുക്തമായി നിർമ്മിച്ചു.

- കേന്ദ്ര നവീന - നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി 30 പൈക്കോ സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ കേരളത്തിന്റെ പല ഭാഗങ്ങളിലും നടപ്പിലാക്കി.